# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാണിമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4 /522/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 24/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാണിമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4 /522/2022 തീയ്യതി: 24/03/2022

## കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-10-2020 മുതൽ 09-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 10-03-2022 | 18-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-03-2022 | 18-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ.കെ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ജയകുമാർ പാലോളി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
രാജീവൻ.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജാസിർ.സി.എം, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഒ.സി. ജയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. വിനോദ്കൃഷ്ണൻ കെ | സെക്രട്ടറി | 01-04-2019 | 06-08-2019 |
| ശ്രീ.നൗഫൽ ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-08-2019 | 15-08-2019 |
| ശ്രീ.ബിനുജോസ് | സെക്രട്ടറി | 16-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൗഫൽ | അസി.സെക്രട്ടറി | 01-04-2019 | 10-12-2019 |
| ശ്രീ. കെ.വി.ഉമ്മർകുട്ടി | അസി.സെക്രട്ടറി | 11-12-2019 | 31-03-2020 |
| ശ്രീ.പ്രേമനാഥൻ ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീ.അബ്ദുള്ള പി | ഹെഡ്മാസ്റ്റർ | 01-06-2019 | 31-03-2020 |
| ശ്രീമതി രേഷ്മ കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിജിത്കുമാർ പി | വി.ഇ.ഒ | 01-04-2019 | 21-11-2019 |
| ശ്രീ സജൻദാസ് | വി.ഇ.ഒ | 22-11-2019 | 31-03-2020 |
| ഡോ.മുൻഷിദ് എൻ.ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ദിബിൻരാജ് എസ്.എൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ദിൽദേവ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി അനുപമസുഗതൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.അജിത്കുമാർ വി | അസി.എഞ്ചിനീയർ | 01-04-2019 | 05-08-2019 |
| ശ്രീ.പ്രസന്നകുമാർ വി,ഓവർസിയർ | അസി.എഞ്ചിനീയർ,അധിക ചുമതല | 06-08-2019 | 14-08-2019 |
| ശ്രീ.ബിബിൻ ഒ | അസി.എഞ്ചിനീയർ | 15-08-2019 | 06-09-2019 |
| ശ്രീ.അഭിലാഷ് ടി | അസി.എഞ്ചിനീയർ | 07-09-2019 | 08-12-2019 |
| ശ്രീമതി സനിഷ പി | അസി.എഞ്ചിനീയർ | 09-12-2019 | 21-01-2020 |
| ശ്രീ.വിനോദ് ജെ | അസി.എഞ്ചിനീയർ | 22-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി അമല ശക്തിധരൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീറ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-4 |
| 6 | വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-5 |
| 7 | ധനമാനേജ്മെന്റ് പരാജയം -തനത് ഫണ്ട് കമ്മിയിൽ<br>Written By: Gireeshan Parappoyil (Audit Officer (HG), On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-6 |
| 8 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-7 |
| 9 | അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച<br>Written By: Srijith K.V (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-8 |
| 10 | കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം<br>Written By: Srijith K.V (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-9 |
| 11 | കമ്മ്യൂണിറ്റി ഹാളിന് വാടക നിശ്ചയിച്ചതിന് മാനദണ്ഡമില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-10 |
| 12 | കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം - ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-11 |
| 13 | പൊതുമരാമത്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-12 |
| 14 | ബഡ്സ് സ്കൂൾ പ്രവർത്തനം - വാഹനസൗകര്യം ഏർപ്പെടുത്തിയതിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-13 |
| 15 | ജൈവ വൈവിധ്യ പ്രവർത്തനങ്ങൾ- ബി.എം.സി ഫണ്ട് ചെലവഴിച്ചില്ല. | 1-14 |

| | | |
|---|---|---|
| | Written By: Srijith K.V (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | |
| 16 | പത്രപരസ്യങ്ങൾക്ക് അധിക തുക നൽകുന്നു.<br>Written By: Srijith K.V (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-15 |
| 17 | എസ്.എസ്.കെ -മതിയായ തുക വകയിരുത്തുന്നില്ല.<br>Written By: Srijith K.V (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-16 |
| 18 | സ്നേഹ സ്പർശം - പദ്ധതിക്ക് തുക നൽകിയില്ല.<br>Written By: Srijith K.V (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-17 |
| 19 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് വാഹനം ഉപയോഗിക്കുന്നതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-18 |
| 20 | ജനറൽ പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-19 |
| 21 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-20 |
| 22 | ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-21 |
| 23 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചോ എന്ന് വ്യക്തമല്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-22 |
| 24 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം - സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച<br>Written By: N. Rajeevan (Senior Grade Auditor, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-23 |
| 25 | പി.എച്ച് .സി ചുറ്റുമതിൽ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 18-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-24 |
| 26 | കയ്യേറ്റങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച<br>Written By: Srijith K.V (Auditor, On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-25 |
| 27 | ജി.എൽ.പി.സ്കൂൾ പാലൂർ - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം<br>Written By: Balakrishnan K.M (Audit Officer (HG), On 19-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 17-03-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 23-03-2022) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 17-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ

11.2.19ലെ തീരുമാനം 30(2)/19 പ്രകാരം സ്ഥാപനത്തിന്റെ വാർഷിക ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

എ) ഭരണ സമിതി അംഗീകരിച്ച ബജറ്റും പ്രിന്റ് ചെയ്ത ബജറ്റും പൊരുത്തമില്ല

ഭരണസമിതി അംഗീകരിച്ച ബജറ്റും ഓഡിറ്റിന് സമർപ്പിച്ച പ്രിന്റ് ചെയ്ത ബജറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | അംഗീകരിച്ച ബജറ്റ് | അച്ചടിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 53,02,310 | 53,02,310 |
| വരവ് | 16,80,13,213 | 16,33,13,213 |
| ആകെ | 17,33,15,523 | 16,86,15,523 |
| ചെലവ് | 16,86,14,170 | 16,28,77,170 |
| നീക്കിയിരിപ്പ് | 47,01,353 | 57,38,353 |

മുന്നിരിപ്പിന്റെ കാര്യത്തിൽ മാത്രമാണ് രണ്ട് ബജറ്റുകളും ഒത്തു പോകുന്നുള്ളൂ. ഭരണസമിതി തീരുമാനത്തിന് വിരുദ്ധമായി ബജറ്റ് പ്രിന്റ് ചെയ്യാമുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ബി)മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കാണാതെ ബജറ്റ് തയ്യാറാക്കി

ഏതൊരു വർഷത്തേയും ബജറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ടത് ബജറ്റ് തയ്യാറാക്കുന്ന വർഷത്തിന് മുമ്പുള്ള വർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ അടിസ്ഥാനമാക്കിയാണ്. ഇത് പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കേണ്ടത് 2017-18 വർഷത്തെ കണക്കുകളാണെന്ന് കാണാം. ബജറ്റ് പരിശോധിച്ചതിൽ 2017-18 വർഷത്തെ മുന്നിരിപ്പായി സ്വീകരിച്ചിരിക്കുന്നത് (-) 45,37,735/- രൂപയാണെന്ന് കാണുന്നു. എന്നാൽ 2016-17 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ യഥാർത്ഥ നീക്കിയിരിപ്പ് (ഇതുതന്നെയാണ് 2017-18 വർഷത്തെ മുന്നിരിപ്പ്) താഴെ പറയും പ്രകാരം (-) 30,77,321/- രൂപയാണ്

B 15+B17 = 6390390-

B2+B4+B7+B9 = 9467711

(-) 3077321/-

യഥാർത്ഥ മുന്നിരിപ്പിൽ നിന്നും തികച്ചും വ്യത്യസ്തമായ തുകയാണ് ബജറ്റിൽ സ്വീകരിച്ചതെന്ന് കണക്കുകൾ കാണിക്കുന്നു. കൂടാതെ മിച്ച ബജറ്റ് അവതരിപ്പിക്കണമെന്ന് നിയമം അനുശാസിക്കെ മുന്നിരിപ്പ് മൈനസ് തുകയായതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്

മേല്പറഞ്ഞതിൽ നിന്നും യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ല ബജറ്റ് തയ്യാറാക്കിയതെന്നും ഇത് കൊണ്ട് തന്നെ അത് വസ്തുതാപരമല്ലെന്നും കാണാം

സി) തനത് ഫണ്ട്- ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി വകയിരുത്തലും പൊരുത്തപ്പെടുന്നില്ല

ബജറ്റ് പ്രകാരം 13,11,057/- രൂപയാണ് വാർഷിക പദ്ധതിക്കായി വകയിരുത്തിയത്. മുന്നിരിപ്പ്, നികുതി, നികുതിയേതര വരുമാനങ്ങൾ, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ കൂട്ടിയ തുകയിൽ നിന്നും നീക്കിയിരിപ്പ് തുകയും അനിവാര്യചുമതലകൾ നിർവ്വഹിക്കുന്നതിന് വകയിരുത്തിയ തുകയും കൂട്ടിയ തുക കുറവ് വരുത്തിയാൽ ലഭിക്കുന്ന തുകയാണിത്. എന്നാൽ 24.12.18ന് 64750/2019/dpc/dpo/kkd നമ്പരായി അംഗീകരിച്ച വാർഷിക പദ്ധതിയിൽ 22,54,057/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ബജറ്റ് പ്രൊവിഷനില്ലാതെ 9.43 ലക്ഷം രൂപ വാർഷിക പദ്ധതിക്ക് വകയിരുത്തിയത് ക്രമപ്രകാരമല്ല. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ട് പ്രൊവിഷൻ 1,11,05,254/-രൂപയായി ഉയർന്നെങ്കിലും അന്തിമ പദ്ധതി ചെലവ് രേഖ പ്രകാരം വാർഷിക പദ്ധതി വകയിരുത്തൽ 41,18,092/-രൂപ മാത്രമായി. ബജറ്റിൽ വകയിരുത്തിയ അവശേഷിക്കുന്ന തനത് ഫണ്ട് തുക 69.87 ലക്ഷം രൂപ എപ്രകാരം വിനിയോഗിക്കുമെന്ന് വ്യക്തത വരുത്തിയില്ല.

ഡി) NREGS ആക്ഷൻ പ്ലാൻ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ NREGS ആക്ഷൻ പ്ലാൻ ബജറ്റിന് മുമ്പേ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആക്ഷൻ പ്ലാൻ അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല. 8,45,31,750/- രൂപയുടെ പ്ലാനാണ് അംഗീകരിച്ചിരുന്നതെങ്കിലും 5,05,00,000/- രൂപയുടെ പ്രൊവിഷൻ മാത്രമാണ് ബജറ്റിൽ ഉൾപ്പെടുത്തിയത്. ബജറ്റ് പ്രൊവിഷനനുസരിച്ച് NREGS നായി ആകെ വകയിരുത്തിയ തുകയിൽ 1.25 കോടിയുടെ പ്രൊജക്ടുകൾ മെറ്റീരിയൽ വർക്കുകൾക്കായുള്ളതാണ്. എന്നാൽ ആക്ഷൻ പ്ലാൻ പ്രകാരം മെറ്റീരിയൽ വർക്കുകൾ 2.59 കോടിയുടേത് വരുന്നുണ്ട്.

ഇ) സർക്കാർ ഗ്രാന്റുകൾ -അലോട്ട്മെന്റിനേക്കാൾ കുറഞ്ഞ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചു

പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അലോട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ തുകയാണ് സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഗ്രാന്റിനങ്ങളിലുമായി ആകെ 4,36,63,000/- രൂപയാണ് സർക്കാർ അനുവദിച്ചതെങ്കിലും ബജറ്റിൽ 414,79,000/- രൂപയാണ് വകയിരുത്തിയത്. സംസ്ഥാന ബജറ്റിന് ശേഷമാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയതെന്നിരിക്കെ, 21.84 ലക്ഷം രൂപ വകയിരുത്തിയതിൽ കുറഞ്ഞു പോയത് എന്ത് കാരണം കൊണ്ടാണെന്ന് വ്യക്തമല്ല.

എഫ്) വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 104941170/-രൂപയാണ്. ഇതിൽ 5,05,00,000/- രൂപ NREGS പദ്ധതി ചെലവുകൾക്കാണ് വകയിരുത്തിയത്. ഈ തുക കുറവുവരുത്തിയാൽ 5.44/-കോടി രൂപയാണ് വാർഷിക പദ്ധതി ചെലവുകൾക്ക് വകയിരുത്തിയതെന്ന് കാണാം. എന്നാൽ സ്ഥാപനത്തിന്റെ ഡി പി സി അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 6.25 കോടി രൂപയുടേതായിരുന്നു. ബജറ്റ് പ്രൊവിഷനില്ലാതെ 81 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തതായി ഇത് കാണിക്കുന്നു.

ജി) റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജി. ഒ (ആർ.ടി) 3291/2016 എൽ എസ് ജി ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു.

എച്ച്) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു

കാണാം.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ നിയമവും മാന്വലും നിഷ്കർഷിക്കും വിധം ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 12.05.2020 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. Closing Stock-Stores എന്ന ശീർഷകത്തിൽ 18035/- രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-7 ഇനത്തിൽ വിവിധയിനം ഡെപ്പോസിറ്റുകളുടെ ഇനത്തിൽ ഇനത്തിൽ 2,52,874/- രൂപ നീക്കിയിരിപ്പുണ്ട്. വിവിധ ഇനങ്ങളിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ചുവടെ ചേർക്കും പ്രകാരം തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അവശേഷിക്കുന്നുണ്ട്.

| ക്രമ നം | ഹെഡ് കോഡ് | ഡെപ്പോസിറ്റ് ഇനം | മുതൽക്കൂട്ടുന്നതിന് അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 340100101 | Contractors Earnest Money Deposit | 3000 |
| 2 | 340100102 | Suppliers Earnest Money Deposit | 5500 |
| 3 | 340100202 | Suppliers Security Deposit | 1999 |
| 4 | 340109901 | Other Deposit | 500 |

| | | | |
|---|---|---|---|
| 5 | 340200102 | Auction Deposit | 8120 |
| 6 | 340100103 | Bidders Earnest Money Deposit | 19127 |

3. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ വിവിധ സർക്കാർ ഏജൻസികളിലേയ്ക്ക് അടവാക്കുന്നതിനായി ചുവടെ ചേർത്ത പ്രകാരം ബാധ്യത ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | LIC | 18,894 |
| 2 | ലൈബ്രറി സെസ്സ് | 1,11,235 |
| 3 | CGST | 1,378 |
| 4 | SGST | 1,378 |

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം Other Liabilities ഇനത്തിൽ 12,96,992/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 17.03.2017 തിയ്യതി മുതൽ 28.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിൽ അക്കൌണ്ടിലേയ്ക്ക് വരവ് വന്നതും ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകയാണ്. മേൽ തുക സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ വിവരങ്ങൾ ലഭ്യമല്ല.

6. Rent From Auditorium & Halls ഇനത്തിൽ 12000/- രൂപ വരവുണ്ട്. ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. ഓഡിറ്റ് റിക്കവറി ഇനത്തിൽ 2019-20 വർഷം 4345/- രൂപ വരവുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

8. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോസ്, പ്രധാനപ്പെട്ട എക്കൌണ്ട് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,08,15,885 |
| വരവ് | 6,56,41,347 |

| | |
|---|---|
| ആകെ | 7,64,57,232 |
| ചെലവ് | 6,55,03,358 |
| നീക്കിയിരിപ്പ് | 1,09,53,874 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12496247 | 12496247 | 12399997 | 96250 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 334294 | 334294 | 199000 | 135294 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2817000 | 2817000 | 1379579 | 1437421 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11812000 | 11812000 | 7653532 | 4158468 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4077000 | 4077000 | 2637272 | 1439728 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – Untied (ACR പ്രകാരം) | 0 | 10662628 | 10662628 | 4951768 | 5710860 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 157684 | 1587872 | 1745556 | 1541911 | 203645 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 3346 | 115 | 3461 | 0 | 3461 |

| | | | | | |
|---|---|---|---|---|---|
| എം.പി ഫണ്ട് | 6591 | 438207 | 444798 | 436973 | 7825 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 935248 | 20000 | 955248 | 380256 | 574992 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

2)I.K.M. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം C.S.S., ഇനത്തിലും, S.S.S. ഇനത്തിവും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S. ഇനത്തിൽ പൂരക പോഷകാഹാര പദ്ധതിക്ക് 15,87,872/- രൂപ തൻവർഷം വരവ് വന്നിട്ടുണ്ട്. ഈ ഇനങ്ങളിലുള്ള അലോക്കേഷൻ തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിലുള്ളതും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-5 വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 212 | 95058177 | 155 | 47882962 |

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച 11.08കോടി രൂപ സർക്കാർ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു .

132 പ്രൊജക്ടുകൾ ഉൾപ്പെടുന്ന 6.25 കോടി രൂപ അടങ്കൽ വരുന്ന വാർഷിക പദ്ധതിക്കാണ് 24.12.18 ലെ 64750/2019/DPC/DPO/KKD നമ്പർ ഉത്തരവ് പ്രകാരം ഡി പി സി അംഗീകാരം നല്കിയത്. വർഷാവസാനമാകുമ്പോഴേക്കും മേല്പറഞ്ഞ പോലെ 212 പ്രോജക്ടുകളുള്ള 9.5 കോടി അടങ്കൽ വരുന്ന വാർഷികപദ്ധതിയായി ഇത് മാറി. വകയിരുത്തിയ തുകയിൽ നിന്നും 4.79 കോടി രൂപമാത്രമാണ് സ്ഥാപനത്തിന് വിനിയോഗിക്കാനായത്. (ചെലവ് ശതമാനം 50.4) ഇത് മൂലം വകയിരുത്തിയതിൽ അവശേഷിച്ച 4.71 കോടി രൂപ നഷ്ടപ്പെടുകയോ; വിനിയോഗിക്കാൻ കഴിയാതെ വരികയോ ചെയ്തു.

പ്രധാനമായും സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റിനങ്ങളിലാണ് തുക നഷ്ടമായിരിക്കുന്നത്. താഴെ പറയും പ്രകാരം 1,10,83,346/- രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

| ക്രമനം | ഫണ്ടിനം | വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക | സ്റ്റേറ്റ് ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 4-5 |
| 1 | പ്ലാൻ ഫണ്ട് | 17715091 | 13948000 | 13851750 | 96250 |
| 2 | എസ് സി പി | 349000 | 349000 | 199000 | 150000 |
| 3 | ടി എസ് പി | 3367390 | 2817000 | 1379579 | 1437421 |
| 3 | സി എഫ് സി | 12789866 | 10660000 | 4951768 | 5708232 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 14151000 | 11812000 | 7653532 | 4158468 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 4889211 | 4077000 | 2637272 | 1439728 |
| ആകെ | | 53261558 | 43663000 | 30672901 | 12990099 |

എന്നാൽ 2018-19 വർഷത്തെ ക്യൂ ബിൽ ഇനത്തിൽ 330,446/- രൂപ ചെലവഴിച്ചത് ഓഡിറ്റ് വർഷത്തെ ചെലവിൽ പെടുന്നുണ്ട് . കൂടാതെ ഓഡിറ്റ് വർഷത്തെ താഴെ കൊടുത്ത ക്യൂബിൽ തുക 22,37,199/- രൂപ 2020-21 വർഷത്തിൽ നല്കിയിട്ടുമുണ്ട്.

| ക്രമ നം | ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|---|
| 1 | പ്ലാൻ ഫണ്ട് | 12,56,178 |
| 2 | Cfc | 6,50,575 |

| | | |
|---|---|---|
| 3 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 2,55,154 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 75,292 |
| ആകെ | | 22,37,199 |

ഇത് പരിഗണിക്കുമ്പോൾ ആകെ നഷ്ടം 1,10,83,346/- രൂപയുണ്ടെന്ന് കാണാം ((12990099+330446)-2237199) പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട വൻ തുക ഇപ്രകാരം നഷ്ടപ്പെടുത്തിയിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കും ഭരണസമിതിക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. നിർവ്വഹണ ശേഷിക്ക് ഉപരിയായി വൻതോതിൽ പ്രോജക്ടുകൾ തയ്യാറാക്കിയതാണ് ഇതിൽ പ്രധാനപ്പെട്ടത്. പൊതുമരാമത്ത് മേഖലയിൽ മാത്രം 135 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ ക്യൂബിൽ ഉൾപ്പടെ 93 എണ്ണത്തിന് മാത്രമാണ് തുക വിനിയോഗിച്ചതെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ് തുക നഷ്ടപ്പെട്ടതിൽ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്വമുണ്ട്.

ബി) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. മെയിന്റനൻസ് ഫണ്ട് ഉൾപ്പടെ വിവിധ ഫണ്ടുകൾ ഇതിനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്ന് കാണാം

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേതുൾപ്പടെ വിവിധ ആസ്തികളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു. ആകെ 26 അങ്കണവാടികളുള്ളതിൽ 10 എണ്ണത്തിലും കുടിവെള്ള സൗകര്യമില്ല എന്നതും 6എണ്ണത്തിന് ചുറ്റുമതിലില്ലാത്തതും ഇവിടെ ശ്രദ്ധേയമാണ്.

സി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ

അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേശങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസനസെമിനാറിൽ അവതരിപ്പിക്കണം. വികസനസെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച് ,പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി പി സി അംഗീകാരം വാങ്ങേണ്ടത്.ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസനസെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേങ്ങളല്ലാതെ മറ്റ് പ്രൊജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും,മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ, എല്ലാ പ്രൊജക്ടുകളും വികസനസെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു. പശ്ചാത്തല മേഖലയിലെ റോഡ്/നടപ്പാത പ്രൊജക്ടുകൾ മാത്രം പരിഗണിക്കുമ്പോൾ ആകെ 53പ്രൊജക്ട് നിർദ്ദേശങ്ങൾ കരട് രേഖയിൽ ഉൾപ്പെട്ടതായും 47 പുതിയ പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതായും കാണുന്നു. എന്നാൽ കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ട 37 പ്രൊജക്ടുകൾ മാത്രമാണ് വാർഷികപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളൂ. അതായത് 10 പ്രൊജക്ടുകൾ കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണാം.

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണമാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

ഡി) സ്റ്റാറ്റസ് റിപ്പോർട്ടുകൾ അപൂർണ്ണം - പ്രൊജക്ടുകളുടെ ആവശ്യകത ,മുൻഗണന എന്നിവ നിശ്ചയിക്കപ്പെട്ടിട്ടില്ല

കൈമാറിക്കിട്ടിയ ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങളാണ് ആസൂത്രണത്തിന്റെ കാതൽ. കൃത്യതയുള്ളതും വിശദവുമായ വിവരങ്ങൾ വെളിവാക്കുന്ന വികസനാവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കപ്പെടുമ്പോൾ മാത്രമാണ് ആസൂത്രണം നടക്കുന്നത്. എന്നാൽ വിവിധ മേഖലകളിൽ സ്ഥാപനം അടിസ്ഥാന വിവരങ്ങൾ തയ്യാറാക്കാതെയാണ്

പ്രൊജക്ടുകൾ തെരെഞ്ഞെടുത്തിരിക്കുന്നത്. കേവലം ഡി പി സി അംഗീകാരം ലഭിക്കുന്നതിന് മാത്രം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പരിമിതമായ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടത്. ഓരോ മേഖലയിലും പൊതുവായി ഏതൊക്കെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടണമെന്ന് കില തയ്യാറാക്കിയ വിവിധ മേഖലകൾക്കുള്ള മാതൃകാ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ ഇത് അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല.ഇത് കൊണ്ട് തന്നെ പ്രൊജക്ട് നിർദ്ദേശങ്ങളുടെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

ഇ) സബ്സിഡി നിരക്കുകൾ മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നില്ല

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സബ്സിഡി മാർഗ്ഗരേഖകളിൽ വിവിധ ഇനങ്ങൾക്ക് നല്കാവുന്ന സബ്സിഡി തുക എത്രയെന്ന് വ്യക്തമാക്കുന്നുണ്ട്. ബഹുഭൂരിപക്ഷം ഇനങ്ങളുടേയും കാര്യത്തിൽ ഗുണഭോക്താക്കൾക്ക് നല്കാവുന്ന പരമാവധി തുകയാണ് ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത്.ഓരോ സ്ഥാപനവും ഓരോ ഇനത്തിനും എത്രത്തോളം തുക നല്കണമെന്ന് ഓരോ പ്രൊജക്ടിനും അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണവും ലഭ്യമാകുന്ന തുകയും പരിഗണിച്ച് വിശദമായ കൂടിയാലോചന നടത്തിയായിരിക്കണം .വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ നടക്കുന്ന കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ,പ്രൊജക്ടുകളുടെ വിശദാംശം ,പരിഗണിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം,അനുവദിക്കാവുന്ന സബ്സിഡി നിരക്ക് എന്നിവ സംബന്ധിച്ച ശുപാർശകൾ അതാതു സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നല്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ പരിഗണിച്ച് ഓരോ ഇനത്തിനും നല്കാവുന്ന പരാമാവധി തുക(അത് ഉത്തരവു പ്രകാരമുള്ള പരമാവധി തുകയാണെങ്കിൽ പോലും) ഭരണസമിതി നിശ്ചയിച്ച് നല്കേണ്ടതുമാണ്. പ്രാദേശിക ഭരണാധികാരി എന്ന നിലക്ക് ഇത്തരത്തിലുള്ള ചുമതല വഹിക്കാതെയാണ് സ്ഥാപനത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം നല്കിയിരിക്കുന്നത്. ഇത് ആസൂത്രണത്തിലേയും ധനമാനേജ്മെന്റിലേയും പിഴവുകൾക്ക് കാരണമാകും എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ ഫണ്ട് നഷ്ടമുൾപ്പടെയുള്ള വീഴ്ചകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-6 ധനമാനേജ്മെന്റ് പരാജയം -തനത് ഫണ്ട് കമ്മിയിൽ

സ്ഥാപനത്തിന്റെ സാമ്പത്തിക നില ആരോഗ്യകരമല്ലെന്ന് മുൻ റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. 2017-18 വർഷത്തെ റിപ്പോർട്ടിൽ ഖണ്ഡിക 2-8 ൽ ഇത് വിശദമാക്കിയിട്ടുണ്ട്. 2018-19 വർഷം മുതൽ നാളിതുവരെയുള്ള ആസ്തിബാധ്യതാ വിവരങ്ങൾ നിലവിലും ധനകമ്മി തുടരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

2018-19 വർഷം മുതൽ നാളിതുവരെയുള്ള വർഷങ്ങളിലെ ലിക്വിഡിറ്റി കൂടിയ ആസ്തി,ബാധ്യതാ വിവരങ്ങൾ

| 2018-19 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 100452 | B12 | 0 |
| B4 | 9029657 | B14 | 49334 |
| B7 | 285947 | B15 | 0 |
| B9 | 2090549 | B17 | 10815885 |
| | | B18 | 200 |
| ആകെ | 11506605 | | 10865419 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 641186 /-രൂപ കൂടുതൽ | | | |

കുറിപ്പ്- B18 പ്രകാരമുള്ള തുകയിൽ തനത്ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത്

| 2019-20 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 3643 | B12 | 0 |
| B4 | 10080767 | | |
| B7 | 252874 | B14 | 18035 |
| B5 | 0 | B15 | 0 |
| B9 | 2339625 | B17 | 10953674 |
| | | B18 | 200 |
| ആകെ | 12676909 | ആകെ | 10971909 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 1704800 /-രൂപ കൂടുതൽ | | | |

1) കുറിപ്പ്- B18 പ്രകാരമുള്ള തുകയിൽ തനത് ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത്

| 2020-21 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 3520 | B12 | 0 |

| | | | |
|---|---|---|---|
| B4 | 12965664 | | |
| B5 | 0 | B14 | 18035 |
| B7 | 418570 | B15 | 9146221 |
| B9 | 2971450 | B17 | 9777555 |
| | | B18 | 15200 |
| ആകെ | 16359204 | | 18957011 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 2597807 /-രൂപ കൂടുതൽ | | | |

1) കുറിപ്പ്- B18പ്രകാരമുള്ള തുകയിൽ തനത് ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത്

കഴിഞ്ഞ വർഷങ്ങളിലെല്ലാം ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതലായിരുന്നെന്ന് മേൽ കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് തനത് ഫണ്ട് കമ്മിയിലാണെന്നതിന്റെ വ്യക്തമായ സൂചനയാണ് . സാമ്പത്തിക നില പരിഗണിക്കാതെ പദ്ധതികൾക്ക് തുക വകയിരുത്തി വരുന്നതാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കുള്ള പ്രധാന കാരണമെന്ന് രേഖകൾ വ്യക്തമാക്കുന്നു.ഇത് ധനമാനേജ് മെന്റിലെ കെടുകാര്യസ്ഥതയാണ്. വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാനുള്ള വിദൂരസാധ്യതപോലും നിലവിലില്ലെന്ന് മേൽ ബാലൻസ് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തിയിരുന്നു. എന്നാൽ ഈ ധനസ്ഥിതി പരിഗണിക്കാതെ മേൽ വർഷങ്ങളിലെല്ലാം താഴെ പറയും പ്രകാരം തനത് ഫണ്ട് വകയിരുത്തി തുക വിനിയോഗിച്ചു.ഇത് ഓരോ വർഷം കഴിയുന്തോറും സ്ഥാപനത്തിന്റെ ധനസ്ഥിതി കൂടുതൽ മോശാവസ്ഥയിലെത്തിച്ചു.

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 5425158 | 3065905 |
| 2017-18 | 2397318 | 152840 |
| 2018-19 | 2863331 | 38940 |
| 2019-20 | 4118092 | 1832859 |
| 2020-21 | 3012533 | 1061681 |
| 2021-22 | 2423000 | |

2015-16വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2ൽ സർക്കാർ നിർദ്ദേശം പാലിക്കാതെ വൻതോതിൽ തനത് ഫണ്ട് വാർഷിക പദ്ധതിക്ക് വകയിരുത്തി വിനിയോഗിക്കുന്ന കാര്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൃത്യമായ മുന്നറിയിപ്പുകൾ ഇപ്രകാരം ലഭ്യമായിരിക്കെ തനത് ഫണ്ട് പുതിയ പ്രൊജക്ടുകൾക്ക് മേല്പറഞ്ഞപോലെ വകയിരുത്തിയതെന്തുകൊണ്ടെന്ന് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിൽ ഭരണസമിതി പ്രത്യേകിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൂർണ്ണമായി പരാജയപ്പെട്ടു. കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ ഉപദേശവും ഇടപെടലും നടത്തേണ്ട സെക്രട്ടറി ഉത്തരവാദിത്വം കാണിച്ചില്ലെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

ഇക്കാര്യങ്ങളിലുള്ള സ്ഥാപനത്തിന്റെ അഭിപ്രായം അടിയന്തിരമായി അറിയിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ധനകമ്മി നികത്താൻ ക്രിയാത്മക നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-7 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2020 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1658 (174വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 363 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് ഈ കണക്കുകൾ കാണിക്കുന്നു.

ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1658 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 495 (174 വാക്കൻസി റെമിഷൻ) ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മ നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഇത് കാരണം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-8 അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

വാണിമേൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ലെ ആലിക്കുട്ടി, മൂസ്സ, ചാത്തോത്ത് കണ്ടിയിൽ തവിടോൻ എന്നവരുടെ 573 മുതൽ 581 വരെയുള്ള കെട്ടിടത്തിന്റെ മുകളിൽ അനധികൃതമായി ഒന്നാം നിലയും രണ്ടാം നിലയിൽ ലോഹപന്തലും നിർമ്മാണം നടത്തിയതിനെതിരെ ശ്രീ.ജാഫർ കാളംകുളത്ത് എന്നവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ ഉടമ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതായി ഗ്രാമപഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് 01.02.2019 തിയ്യതിയിൽ A4-5920/2018 നമ്പറായി ഉടമക്ക് കത്ത് നൽകിയിട്ടുണ്ട്. കത്തിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടം ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ ഉടമക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉടമ ക്രമവത്കരണത്തിന് അപേക്ഷ സമർപ്പിക്കാത്തതിനെ തുടർന്ന് 18.11.2019 തിയ്യതിയിൽ അപേക്ഷകന് 15 ദിവസത്തെ സമയം അനുവദിച്ച് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ( ഫയൽ നം. എ4/5639/2019 ) 03.01.2020 തിയ്യതിയിൽ ഇതേ നമ്പറായി അപേക്ഷകന് 7 ദിവസത്തെ സമയം അനുവദിച്ച് ഇതേ നടപടി ആവർത്തിച്ചിട്ടുമുണ്ട്. 05.06.2020 തിയ്യതിയിൽ എ4/5639/2019 നമ്പറായി വീണ്ടും കത്ത് നൽകിയിട്ടുണ്ട്. 16.09.2020 തിയ്യതിയിൽ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 235, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 20, 21 എന്നിവ പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ തിയ്യതിയിൽ തന്നെ നോട്ടീസ് സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രിബ്യൂണലിൽ ഒരു കേസ് നിലനിൽക്കുന്നുമുണ്ട്.

കെ.പി.ബി.ആർ ചട്ടം 7, 25(5), 26(5), 26(6)(i) എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്. അപകടകരമായി രീതിയിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഫുഡ് പ്രൊസസിംഗ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു.

അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് താഴെ

പറയുന്ന വീഴ്ചകൾ വരുത്തിയിട്ടുണ്ട്.

1. 01.02.2019 തിയ്യതിയിലാണ് ഉടമയോട് കെട്ടിടം ക്രമവത്കരിക്കുന്നതിന് അപേക്ഷ നൽകുന്നതിന് നിർദ്ദേശിച്ച് സെക്രട്ടറി കത്തയച്ചിട്ടുള്ളത്. ചട്ട പ്രകാരം നോട്ടീസ് നൽകുന്നതിന് പകരം കത്തയച്ചതിന്റെ കാരണം വ്യക്തമല്ല. 01.02.2019 തിയ്യതിയിലെ കത്ത് സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് 16.09.2020 തിയ്യതിയിലാണ്. ഒന്നര വർഷത്തെ കാലതാമസമുണ്ടായതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.
2. അനധികൃത നിർമ്മാണം നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലും നിലവിലുള്ള കെട്ടിട നമ്പറുകൾ റദ്ദ് ചെയ്ത് കെട്ടിടത്തിന് അനധികൃത നിർമ്മാണ നമ്പർ നൽകി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 14/573 മുതൽ 581 വരെയുള്ള കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം അധികൃതമായ കെട്ടിടങ്ങളാണ്. 2021-22 വർഷം വരെ സാധാരണ നിലയിലുള്ള വസ്തുനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിന് പോലും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.
3. മേൽ കെട്ടിടവുമായി ബന്ധപ്പെട്ട് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസിൽ വസ്തുതാവിവരണ പത്രിക സമർപ്പിക്കുന്നതിലും ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

അനധികൃതമായും അപകടപരമായും നിർമ്മിച്ച കെട്ടിടത്തിനെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. അപാകതകൾക്ക് ഉത്തരവാദികളായവരിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും നിലവിലുള്ള കേസിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-9 കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപേക്ഷകൾ പരിഗണിച്ച് നിർമ്മാണ അനുമതി, ഒക്യുപൻസി എന്നിവ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് അപേക്ഷകളിൽ തീർപ്പ് കൽപിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പാർക്കിംഗ് പ്രായോഗികമല്ല .

ഫയൽ നം. A4/4586/2019 . തിയ്യതി. 02.09.2019

അഷറഫ്, കേളോത്ത്, ഭൂമിവാതുക്കൽ വാണിമേൽ എന്നവരുടെ കെട്ടിട നിർമ്മാണ പൂർത്തീകരണ അപേക്ഷ പ്രകാരം ചതുരാകൃതിയിലുള്ള പ്ലോട്ടിന്റെ മുൻ ഭാഗത്തെ നീളം 12 മീറ്ററാണ് .അതിൽ 3 മീറ്റർ നീളത്തിൽ പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിട്ടുണ്ട്. മുൻഭാഗത്തിന്റെ വീതി 4.14 മീറ്ററാണ്. പ്രവേശനമാർഗ്ഗം ഒഴിച്ച് 9 മീറ്റർ നീളം മാത്രമുള്ള മുൻഭാഗത്ത് രണ്ട് പാർക്കിംഗുകൾ നീളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രായോഗികത പരിശോധിക്കപ്പെട്ടിട്ടില്ല.

2. പ്ലോട്ടിലെ മറ്റ് കെട്ടിടങ്ങളുടെ ആധികാരികത പരിശോധിക്കാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു .

ഫയൽ നം. A4/4879/2019 . തിയ്യതി. 26.09.2019

ആലി ഹസ്സൻ ഹാജി, ചെറിയ ചക്കിട്ടാണ്ടിയിൽ , വാണിമേൽ എന്നവരുടെ കെട്ടിട പൂർത്തീകരണ അപേക്ഷ പരിഗണിച്ച് 16/243 A മുതൽ F വരെ നമ്പർ അനുവദിച്ചിട്ടുണ്ട്. പ്ലോട്ടിൽ 16/242 A മുതൽ Z വരെ നമ്പർ പതിച്ച ഒരു കെട്ടിടമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് പുറമെ 621.01 ച.മീ വിസ്തൃതിയുള്ള മറ്റൊരു കെട്ടിടവും പ്ലോട്ടിൽ ഉണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ നമ്പറുകൾ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ വസ്തുത പരിശോധിക്കാതെയാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളത്. പ്ലോട്ടിലുള്ള മറ്റ് കെട്ടിടങ്ങളുടെ ആധികാരികത, വിസ്തീർണ്ണം, വിനിയോഗ ഗണം എന്നിവ പരിശോധിക്കാതെയാണ്

കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. പ്ലോട്ടിലെ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിൽ അവ്യക്തത നിലനിൽക്കെ മേൽ കെട്ടിടത്തിന്റെ കവറേജ്, എഫ്.എ.ആർ എന്നിവ കണക്കാക്കിയതെങ്ങനെയെന്ന് വ്യക്തമല്ല.

3. ചെറിയ പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്കുള്ള ആനുകൂല്യം അനർഹമായി അനുവദിച്ചു.
എ4.1022/2019 തി. 14.02.2019

ഷൈജു, വാഴുക്കൽ പറമ്പത്ത് എന്നവരുടെ കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ചെറുകിട പ്ലോട്ടുകൾക്ക് ബാധകമായ ഇളവ് അനുവദിച്ചിട്ടുണ്ട്. ആധാരം പരിശോധിച്ചതിൽ നിന്നും പ്ലോട്ട് വിഭജിച്ചതിനാലാണ് ചെറുകിട പ്ലോട്ടായതെന്നത് വ്യക്തമാണ്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 62 പ്രകാരം ഒന്നോ അതിലധികമോ പ്ലോട്ടുകൾ വിഭജിച്ചുണ്ടായ പ്ലോട്ടുകളിലെ നിർമ്മാണത്തിനോ വിഭജിക്കപ്പെട്ട പ്ലോട്ടുകളിൽ ഒന്നിൽ കൂടുതൽ പ്ലോട്ടുകളുടെ ഉടമയ്ക്കോ നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് മറ്റൊരു പ്ലോട്ട് ഉള്ള വ്യക്തിക്കോ ഈ ചട്ടത്തിന്റെ ആനുകൂല്യം അനുവദിക്കാൻ പാടില്ലാത്തതാണ്. എന്നാൽ മേൽ അപേക്ഷയിൽ ചട്ടം 62 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ചെറുകിട പ്ലോട്ടുകൾക്ക് ബാധകമായ ഇളവ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10 കമ്മ്യൂണിറ്റി ഹാളിന് വാടക നിശ്ചയിച്ചതിന് മാനദണ്ഡമില്ല

കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 11 പേർ ഹാൾ ഉപയോഗിച്ചതായും 2 പേർ ബുക്കിംഗ് റദ്ദ് ചെയ്തതായും കാണുന്നു. ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സർക്കാർ അംഗീകരിച്ച ബൈലോ നിലവിലില്ല. ഹാളിന് നാമമാത്രമായ വാടക മാത്രമാണ് ഈടാക്കുന്നത്. മുഴുവൻ ദിവസത്തിന് 1500 രൂപയും 12 മണിക്കൂർ വരെയുള്ള ഉപയോഗത്തിന് 1000 രൂപയുമാണ് നിലവിൽ വാടക ഈടാക്കുന്നത്. ബുക്കിംഗ് റദ്ദുചെയ്തവരിൽ നിന്ന് മുൻകൂർ തുക ഈടാക്കാതിനാൽ ഗ്രാമ പഞ്ചായത്തിന് ആ ദിവസത്തേക്ക് ലഭിക്കുമായിരുന്ന ബുക്കിംഗ് നഷ്ടപ്പെടുന്നതിനും ഇതുവഴി വരുമാന നഷ്ടവും ഉണ്ടാകുന്നു.ഹാൾ വാടകയ്ക്ക് നൽകുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിക്കാത്തതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. യുക്തിസഹമായ വാടക നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്. ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ബുക്കിംഗ് കേൻസൽ ചെയ്യുന്നവരിൽ നിന്ന് നിശ്ചിത തുക ഈടാക്കി ബാക്കി മാത്രം തിരികെ നൽകേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-11 കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം - ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷം കാർഷിക മേഖലയിൽ കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ/ചെക്ക് നം.തി. |
|---|---|---|---|---|
| 19/20 | തെങ്ങ് കൃഷിക്ക് ജൈവവളം വിതരണം | 4,71,250 | 4,71,250 | 4/20/18.1.20 |
| 22/20 | ഇടവിള കിറ്റ് വിതരണം | 4,90,000 | 4,73,000 | 8/20/13.3.20 |

| | | | | |
|---|---|---|---|---|
| 25/20 | കശുമാവിൻ തൈ വിതരണം | 1,25,100 | 1,24,925 | 2/20/20.9.19 |
| 30/20 | ഫലവൃക്ഷ തൈ വിതരണം | 4,59,000 | 2,70,000 | 7/20/13.3.20 |
| 101/20 | പട്ടിക വർഗ്ഗ കർഷകർക്ക് ഗ്രാമ്പൂ തൈ വിതരണം | 50,000 | 50,000 | 3/20/18.1.20 |
| 151/20 | കിണർ റീചാർജ്ജ് | 1,42,800 | 6,000 | 1/20/13.06.19 |
| 158/20 | കുറ്റ്യാടി തെങ്ങിൻതൈ വിതരണം | 66,800 | 50,000 (ഗുണഭോക്തൃ വിഹിതം) | 012688/29.10.19 |
| ആകെ | | | 14,45,175 | |

മേൽ സൂചിപ്പിച്ച പദ്ധതികളിലെ ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും,രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക14,45,175/- തടസ്സത്തിൽ വെയ്ക്കുന്നു

1-12 പൊതുമരാമത്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 135പൊതുമരാമത്ത് പദ്ധതികൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചിരുന്നത് .മേൽ പദ്ധതികളിൽ 81 എണ്ണത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ഇക്കാരണത്താൽ പൊതുമരാമത്ത് പദ്ധതികൾക്കായി ആകെ വകയിരുത്തിയ 39014927 രൂപയിൽ 19801920 രൂപ മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നും പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 2220815 | 2123783 | 95.63 |
| ടി.എസ്.പി | 1850755 | 1054189 | 56.95 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 12359866 | 4951768 | 40.06 |
| കോന്ദ്രാവിഷ്കൃതഫണ്ട് | 360000 | 315322 | 87.58 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 816564 | 460256 | 56.36 |
| തനത്ഫണ്ട് | 2524116 | 1392766 | 55.17 |
| ബ്ലോക്ക്പഞ്ചായത്ത്ഫണ്ട് | 700000 | 0 | 0 |

| | | | |
|---|---|---|---|
| മെയിന്റനെൻസ് ഫണ്ട് റോഡ് | 14151000 | 7653532 | 54.08 |
| മെയിന്റനെൻസ്ഫണ്ട് നോൺറോഡ് | 4031811 | 1850304 | 45.89 |
| ആകെ | 39014927 | 19801920 | 50.75 |

ഓഡിറ്റ് വർഷത്തെ പദ്ധതികളുടെ പൂർത്തീകരണം പരിശോധിച്ചതിൽ 12 പദ്ധതികൾ കൂടി പൂർത്തീകരിച്ച് ആകെ 1619391 രൂപയുള്ള ബില്ലുകൾ കൂടി അസിസ്റ്റന്റ് എഞ്ചിനീയർ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ക്യൂബിൽ ആയതിനാൽ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ തുക കൂടി കൂട്ടുമ്പോൾ വകയിരുത്തിയ 39014927 രൂപയിൽ 21421311 പ്രവൃത്തികൾ മാത്രമാണ് പഞ്ചായത്തിന് ഓഡിറ്റ് വർഷം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ അംഗീകാരം ലഭിച്ച 135 പദ്ധതികളിൽ 76 എണ്ണം പുതിയ പദ്ധതികളും 59 എണ്ണം സ്പിൽ ഓവർ പദ്ധതികളുമായിരുന്നു. ഇതിൽ തന്നെ 29 പുതിയ പദ്ധതികൾക്കും 52 സ്പിൽ ഓവർ പദ്ധതികൾക്കുമാണ് ചെലവുള്ളത്. 24-12 -2018 ന് തന്നെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടും തൻ വർഷത്തെ പൊതുമരാമത്ത് പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിരിക്കുന്നത് 14-08-2019 മുതൽക്കാണ് . 65 പദ്ധതികൾക്കാണ് ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ഇവയെല്ലാം തന്നെ 1-10-2019 ന ശേഷമാണ്. ഇതിൽ നിന്നും പൊതുമരാമത്ത് പദ്ധതികളിൽ ടെണ്ടർനടപടികൾ സ്വീകരിച്ച് കരാറുകാരെ കണ്ടെത്തി പ്രവൃത്തി ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസമാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടാതിരിക്ക നനതിനും അതുവഴി അനുവദിച്ച ഫണ്ട് തൻവർഷം വിനിയോഗിക്കാൻ കഴിയാതെ വരുന്നതിനു മിടയാക്കിയത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്

## 1-13 ബഡ്സ് സ്കൂൾ പ്രവർത്തനം - വാഹനസൗകര്യം ഏർപ്പെടുത്തിയതിലെ അപാകതകൾ

പ്രോജക്ട് നം-14

അടങ്കൽ -914000(550000- വികസനഫണ്ട്,364000-തനത്ഫണ്ട്)

ചെലവ് - 759500 (526580-വികസനഫണ്ട്, 232920-തനത്ഫണ്ട്)

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി.

ബഡ്സ് സ്കൂൾ നടത്തിപ്പിനായി തയ്യാറാക്കിയ പദ്ധതിയിൽ ആയ, ഹെൽപ്പർ എന്നിവർക്കുള്ള വേതനം, വാഹന ചെലവ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഓഡിറ്റ് വർഷം പദ്ധതിക്കായി ആകെ 759500 രൂപ ചെലവുണ്ട്. ചെലവ് വിശദാംശങ്ങൾ പരിശോധിച്ചതിൽ കിലോമീറ്ററിന് 30 രൂപ നിരക്കിൽ ദിവസം 45 കിലോമീറ്റർ വാഹനം ഓടുന്നതായി കണക്കാക്കിയാണ് പദ്ധതിയിൽ വാഹന വാടക നൽകിയിരി ക്കുന്നത്. കുട്ടികളെ സ്കൂളിലേക്കെത്തിച്ച K.L.18.4817 വാഹനത്തിന്റെ ഡ്രൈവർ ശ്രീ.റഫീഖ് .എം ന് ഈ ഇനത്തിൽ ഓഡിറ്റ് വർഷം ആകെ 205750 രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| മാസം | നൽകിയ തുക |
|---|---|
| ജൂൺ | 22950 |
| ജൂലായ് | 28350 |
| ആഗസ്ത് | 18900 |
| സപ്തംബർ | 22560 |
| ഒക്ടോബർ | 24120 |

| | |
|---|---|
| നവംബർ | 29610 |
| ഡിസംബർ | 23920 |
| ജനവരി | 35340 |

എന്നാൽ ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി ക്വട്ടേഷൻ /ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളും ഇത് സംബന്ധിച്ച പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവയും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബഡ്സ് സ്കൂൾ വാഹനസൗകര്യം തുടർവർഷങ്ങളിലും തുടരേണ്ടതിനാൽ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ പ്രകാരമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

1-14 ജൈവ വൈവിധ്യ പ്രവർത്തനങ്ങൾ- ബി.എം.സി ഫണ്ട് ചെലവഴിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ജൈവ വൈവിധ്യ പ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2017-18 വർഷത്തിലാണ് ബി.എം.സി പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് 420000 രൂപയുടെ ഫണ്ട് ലഭ്യമായിട്ടുള്ളത്. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും ഈ ഇനത്തിൽ ലഭ്യമായ തുകയിൽ 345180 രൂപ ചെലവഴിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. 2017-18 വർഷത്തേക്ക് വിനിയോഗിക്കുന്നതിന് അനുവദിക്കപ്പെട്ട തുക 5 സാമ്പത്തിക വർഷം പൂർത്തിയായിട്ടും ചെലവഴിക്കുന്നതിന് സാധിക്കാതിരുന്നതിന്റെ കാരണം ആസൂത്രണത്തിലെ പിഴവാണ്.
2. 2019-20 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ഐ.ഇ കോഴിക്കോടിൽ നിന്നും 25 രൂപ നിരക്കിൽ 1250 മുളതൈകൾ (Wild Reed Bamboo Seedlings) വാങ്ങിയിട്ടുണ്ട്. സാഷ്യൽ ഫോറസ്റ്റിയുടെ സാമൂഹ്യ വനവത്കരണ നഴ്സറിയിൽ നിന്നും ഇതേ ഇനം മുളതൈകൾ സൗജന്യമായി ലഭ്യമാകുന്ന സാഹചര്യത്തിലാണ് 31250 രൂപ ചെലവഴിച്ച് കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും മുള തൈകൾ വാങ്ങിയിട്ടുണ്ട്. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നഴ്സറികൾ സ്ഥാപിച്ച് ആവശ്യമായ മുളതൈകൾ ആഭ്യന്തരമായി ഉത്പാദിപ്പിക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്തുന്നതിലും ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.
3. സുലേഖ സോഫ്റ്റ്‌വെയർ ചെലവ് പത്രിക പ്രകാരം 2019-20 വർഷത്തെ പദ്ധതിചെലവ് 31250 രൂപയാണ്. എന്നാൽ ബി.എം.സിക്ക് നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിലെ ചെലവ് 35880 രൂപയാണ് .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. വാണിമേൽ പുഴയുടെ തീരം സംരക്ഷിക്കുന്നതിന് വേണ്ടിയാണ് മുളതൈകൾ വെച്ചുപിടിപ്പിച്ചിട്ടുള്ളത്. പ്രസ്തുത പ്രവർത്തനം 2021-22 വർഷത്തേക്ക് ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയ്യതിവരെയും നിർവ്വഹണം ആരംഭിച്ചിട്ടില്ല. വാണിമേൽ പുഴയുടെ പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടാകുന്നതായി വാണിമേൽ വില്ലേജ് ഓഫീസർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഖണ്ഡിക 1-25 കാണുക) പുഴ പുറമ്പോക്കുകളെ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിക്കുന്നുമില്ല. മേൽ സാഹചര്യത്തിൽ മുളതൈകൾ വച്ച് പിടിപ്പിക്കുന്ന പുറമ്പോക്ക് ഭൂമിയുടെ അതിരളവുകളിൽ വ്യക്തതയില്ലാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. സോഷ്യൽ ഫോറസ്റ്റിയിൽ നിന്നും തൈകൾ സൗജന്യമായി ലഭ്യമാകുമായിരുന്നെന്നതും തൊഴിലുറപ്പ് പദ്ധതി പ്രകാരം മുളതൈകൾ ഉത്പാദിപ്പിക്കാൻ സാധിക്കുമായിരുന്നുവെന്നതും മുളതൈകൾ വിലയ്ക്ക് വാങ്ങേണ്ട സാഹചര്യം ഇല്ലായിരുന്നു എന്നതിന്റെ സൂചനയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷത്തേക്ക് ആസൂത്രണം ചെയ്ത

പദ്ധതിയുമായി ഗ്രാമപഞ്ചായത്ത് മുന്നോട്ട് പോകുന്നപക്ഷം സോഷ്യൽ ഫോറസ്ട്രി, മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

1-15 പത്രപരസ്യങ്ങൾക്ക് അധിക തുക നൽകുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതി രൂപീകരണം- നിർവ്വഹണം- മോണിറ്ററിംഗ് ചെലവുകൾ എന്ന പദ്ധതിയുടെ ഭാഗമായി ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിനുള്ള ചെലവ് അനുവദിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. 20.11.2015 ലെ ജി.ഒ(ആർ.ടി).551/15/I&PRD നം ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് ബാധകമായ 15 ശതമാനം കിഴിവ് ലഭ്യമാക്കാതെയാണ് ബില്ലുകൾ അനുവദിച്ചിട്ടുള്ളത്. ( ഉദാ- ബിൽ നം. MDC 4041/2019, Dt. 21.02.2019 ,മംഗളം ദിനപത്രം )
2. ടെണ്ടർ പരസ്യങ്ങൾ വിൻഡോ പരസ്യങ്ങളായി പ്രസിദ്ധീകരിക്കുന്നതിന് പകരം വിശദമായി പത്രപരസ്യം ചെയ്യതിലൂടെ ഈ ഇനത്തിലെ ചെലവ് വർദ്ധിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ വിൻഡോ പരസ്യത്തിന്റെ ശരാശരി വിസ്തീർണ്ണം 40 ച.സെ.മി ആണ്. എന്നാൽ 2019-20 വർഷത്തിൽ ടെണ്ടർ പരസ്യങ്ങൾ വിശദമായി പരസ്യം ചെയ്യതിലൂടെ ചെലവിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഉദാ- ബിൽ നം. 2366/2019, Dt. 31.01.2019 , ചന്ദ്രിക പത്രത്തിലെ ടെണ്ടർ പരസ്യം 80 ചതുരശ്ര സെന്റി മീറ്ററിലധികം വിസ്തീർണ്ണമുള്ളതാണ്. വിശദാംശങ്ങൾ പരസ്യത്തിൽ ഉൾപ്പെടുത്തിയതും ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ Tender.lsgkerala.gov.in എന്ന വെബ്സൈറ്റ് മുഖേന പരസ്യപ്പെടുത്തുകയും മേൽ വിവരം സംബന്ധിച്ച സൂചന ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിലും ടെണ്ടർ പരസ്യം വിശദമായി പത്രത്തിൽ പ്രസിദ്ധീകരിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.
3. 31.01.2019 തിയ്യതിയിലെ ബിൽ നമ്പർ KL0194231442 പ്രകാരം മലയാള മനോരമ ദിനപത്രത്തിന് 22633 രൂപ അനുവദിച്ചിട്ടുണ്ട്. ചതുരശ്ര സെന്റിമീറ്ററിന് 570 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. മേൽ നിരക്കിൽ തുക അനുവദിക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 20.11.2015 ലെ ജി.ഒ(ആർ.ടി).551/15 /I&PRD നം ഉത്തരവ് പ്രകാരം മലയാള മനോരമയുടെ കോഴിക്കോട് എഡിഷനിലെ നിരക്ക് 87.05 രൂപ മാത്രമാണ്. മേൽ സാഹചര്യത്തിൽ 570 രൂപ നിരക്കിൽ തുക അനുവദിച്ചതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

വിശദാംശങ്ങൾ വെബ്സൈറ്റ് മുഖേന പരസ്യപ്പെടുത്തുന്ന സാഹചര്യത്തിൽ പ്രസക്തമായ വിവരങ്ങൾ മാത്രമെ പരസ്യത്തിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. എന്നാൽ ടെണ്ടർ പരസ്യം വിശദമായി പത്രത്തിൽ പ്രസിദ്ധീകരിച്ചതിലൂടെ ഈ ഇനത്തിലുള്ള ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾക്ക് ബാധകമായ 15 ശതമാനം ഇളവ് നേടിയെടുക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. അധിക നിരക്കിൽ ബില്ല് അനുവദിച്ചതും ഈ ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെലവ് നിയന്ത്രിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1-16 എസ്.എസ്.കെ -മതിയായ തുക വകയിരുത്തുന്നില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പദ്ധതി പ്രകാരം 4 ലക്ഷം രൂപ അടങ്കൽ ചെയ്തതിൽ 3 ലക്ഷം രൂപ എസ്.എസ്.കെ ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും

താഴെ പറയുന്ന അപാകതകളുണ്ടായിട്ടുണ്ട്.

1. 2019-20 വർഷത്തേക്ക് എസ്.എസ്.കെ ഡിമാന്റ് ചെയ്തത് 13.68 ലക്ഷം രൂപയാണ് . എന്നാൽ മൂന്ന് ലക്ഷം രൂപ മാത്രമെ പദ്ധതി പ്രവർത്തനങ്ങൾക്കായി കൈമാറിയിട്ടുള്ളൂ. എസ്.എസ്.കെ പദ്ധതി പ്രവർത്തനത്തിനുള്ള അടങ്കൽ തുക പരിമിതപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.കഴിഞ്ഞ 5 വർഷകാലയളവിൽ എസ്.എസ്.കെ. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് നാമമാത്രമായ തുക മാത്രമെ വകയിരുത്തിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | SSK പദ്ധതിക്കായി അടങ്കൽ ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 400000 | 400000 |
| 2018-19 | 450000 | 450000 |
| 2019-20 | 400000 | 300000 |
| 2020-21 | 150000 | 150000 |
| 2021-22 | 64237 | 64237 |

കഴിഞ്ഞ 5 വർഷകാലയളവിൽ എസ്.എസ്.കെ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വകയിരുത്തുന്ന തുകയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ഗ്രാമപഞ്ചായത്തുമായി ചർച്ച നടത്തി, ഗ്രാമപഞ്ചായത്തിന്റെ ആവശ്യകതകൾക്കനുസൃതമായാണ് എസ്.എസ്.കെ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നത്. എന്നാൽ മേൽ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവ സ്രോതസ്സ് ലഭ്യമാക്കുന്നതിൽ നിന്നും ഗ്രാമപഞ്ചായത്ത് പിന്നോക്കം പോകുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. വിദ്യഭ്യാസ മേഖലയിൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പ്രൊജക്റ്റുകൾ സ്ഥാപനം സ്വന്തം നിലക്ക് നിർവ്വഹണം നടത്താത്ത സാഹചര്യത്തിൽ വിദ്യഭ്യാസ മേഖലയിൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

വാണിമേൽ പഞ്ചായത്തിലെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ 3608 പ്രൈമറി ക്ലാസ് വിദ്യാർത്ഥികളുണ്ടെന്ന് പാലൂർ സ്കൂൾ ഹെഡ്മാസ്റ്റർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മേൽ വിദ്യാർത്ഥികളിൽ വലിയൊരു ശതമാനം കുട്ടികളും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. പ്രൈമറി സ്കൂളുകളിലെ ഭൗതിക സാഹചര്യം തൃപ്തികരമല്ലെന്ന വസ്തുത സൈറ്റ് പരിശോധനയിലൂടെ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുമുണ്ട്. ഈ സാഹചര്യത്തിലും വിദ്യഭ്യാസ മേഖലയിലെ പദ്ധതി നിർവ്വഹണത്തിനുള്ള വകയിരുത്തലുകൾ വെട്ടികുറയ്ക്കുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.കെ പദ്ധതികൾക്ക് ആവശ്യമായ ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തുന്നതിലുള്ള വീഴ്ച വിശദീകരിക്കേണ്ടതാണ്.

1-17 സ്നേഹ സ്പർശം - പദ്ധതിക്ക് തുക നൽകിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത സ്നേഹസ്പർശം- ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 3 ലക്ഷം രൂപ അടങ്കൽ ചെയ്തിരുന്നുവെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

2011 മുതൽ കോഴിക്കോട് ജില്ലാപഞ്ചായത്ത് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കിഡ്നി, ക്യാൻസർ, എയ്ഡ്സ് രോഗികൾക്കായി നടപ്പാക്കി വരുന്ന പദ്ധതിയിലേക്ക് ഗ്രാമപഞ്ചായത്തുകൾക്ക് 300000 രൂപ വകയിരുത്തുന്നതിന് 22.01.2018 ലെ സ.ഉ(സാധാ) നം. 209/2018 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംയുക്ത പ്രൊജക്ടിന്റെ ഭാഗമായി തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്ത് രൂപീകരിച്ചതിന് ശേഷം പദ്ധതി മുഖേന ചെലവ് നിർവ്വഹിക്കാതെ ഉപേക്ഷിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടിന്റെ വ്യവസ്ഥകൾക്കും , ഭരണസമിതി തീരുമാനത്തിനും വിരുദ്ധമായി പദ്ധതിപ്രകാരം അടങ്കൽ ചെയ്ത തുക ജില്ലാപഞ്ചായത്തിന് കൈമാറാത്തതിന് സെക്രട്ടറി ഉത്തരവാദിയാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 പ്രാഥമികാരോഗ്യ കേന്ദ്രത്തിന് വാഹനം ഉപയോഗിക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ച് വരുന്നുണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രൊജക്ട് നം | 92/20 |
| അടങ്കൽ | 35000 |
| ചെലവ് | 27900 |
| ബിൽ നം.തി. | 3/20/18.09.19 |

വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിച്ച് , അതിൽനിന്നും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത വാഹന ഉടമയ്ക്കാണ് ഓർഡർ നൽകേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ വാഹനം വാടകയ്ക്ക് എടുത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/19-20/16.3.22) മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. ചില മാസങ്ങളിൽ കുറഞ്ഞ ദിവസങ്ങൾ മാത്രമാണ് വാഹനം ഉപയോഗിക്കുന്നതെന്നും, മലയോരമേഖലയായതിനാൽ ഓൾ വീൽ ഡ്രൈവ് വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്നും ഇത്തരം വാഹനങ്ങൾ കിട്ടാൻ ബുദ്ധിമുട്ടാണെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്യുന്ന വാഹന ഉടമകളുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ വാഹനങ്ങൾ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 ജനറൽ പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ ഒരേ സ്വഭാവമുള്ള പദ്ധതികൾ ആവർത്തിക്കുന്നതായി കാണുന്നു. സ.ഉ.(കൈ) നം.11/2018 തസ്വഭവ. തി.29.01.2018പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.5-3 (10)ൽ ഗ്രാമ പഞ്ചായത്തുകൾ വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി,

ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖ.6-3(iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയതായി കാണുന്നു.

| പ്രൊജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 46/20 | മുട്ടഗ്രാമം (വനിത) | 550000 | 233750 |
| 45/20 | പെണ്ണാട് വളർത്തൽ (വനിത) | 528000 | 162000 |
| 104/20 | മുട്ടക്കോഴി വളർത്തൽ (പട്ടികവർഗ്ഗ വനിത) | 110000 | 110000 |
| 152/20 | മുട്ടഗ്രാമം വനിത (S.o) | 21250 | 1250 |
| 157/20 | പെണ്ണാട് വിതരണം (പട്ടിക വർഗ്ഗ വനിത) | 16000 | 16000 |

പുരുഷന്മാർക്ക് കൂടി നൽകാവുന്ന ആനുകൂല്യങ്ങളാണ് ഈ പദ്ധതിയിൽ വനിതാ ഗുണഭോക്താക്കൾക്ക് മാത്രമായി നൽകിയിരിക്കുന്നത്. വനിതകൾക്ക് പ്രത്യേകമായി വിഭാവനം ചെയ്യുകയും, അവർക്ക് നേരിട്ട് ഗുണം ലഭിക്കുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന് പകരം, വനിതാ ഘടക പദ്ധതിയിൽ വകയിരുത്തേണ്ട തുക ഉൾക്കൊള്ളിക്കുന്നതിന് വേണ്ടി മാത്രമായി പദ്ധതികളാവിഷ്കരിക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/19-20/15.03.22) വെറ്റിനറി സർജൻ മറുപടി (നം.19/22) നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് പരിഹാരം കാണുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-20 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളും റീ ടെണ്ടർ ചെയ്താണ് നൽകിയതെന്ന് കാണുന്നു. റീടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു . മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 8 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | വളയം ലേബർ കോൺട്രാക്ട് സൊസൈറ്റി | 8 |
| 2 | അലി അസ്ഹർ | 5 |
| 3 | നാസർ അരക്കണ്ടി | 6 |
| 4 | അബ്ദുറഹിമാൻ.കെ.പി | 12 |
| 5 | ഡൊമിനിക് | 1 |
| 6 | മൂസ്സ വാഴയിൽ | 1 |
| 7 | സുധീഷ് വി.കെ | 10 |
| 8 | ബാലൻ.വി.കെ | 3 |

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന,പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കി

2. ഓഡിറ്റ് വർഷം 46 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇവയുടെ മെറ്റീരിയൽ ഇറക്കിയ വകയിൽ കോൺട്രാക്ടർമാർക്ക് തുക നൽകിയ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ഐ.ടി. ഇനത്തിൽ റിക്കവറി നടത്തിയിട്ടില്ല.
3. സാധന സാമഗ്രികളുടെ വാങ്ങൽ,സംഭരണം വിനിയോഗം,വിദഗ്ധ/ അവിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനായി ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ സാധന സാമഗ്രികളുടെ വാങ്ങൽ സംബന്ധിച്ച് കമ്മിറ്റിയിൽ ചർച്ച നടന്നിട്ടില്ല. വർക്കുകളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിനുള്ള ചർച്ച മാത്രമാണ് ഈ യോഗങ്ങളിൽ നടന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/19-20 /18.3.22) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പർച്ചേസ് പൂർണ്ണമായും ഇ ടെണ്ടർ മുഖേന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ഖണ്ഡികയിൽ സൂചിപ്പിച്ച മറ്റ് അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചും അറിയിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചില്ല

ലൈഫ് ഭവന പദ്ധതിയിൽ ആനുകൂല്യം കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിലാസം | കൈപ്പറ്റിയ തുക | തിയ്യതി |
|---|---|---|---|
| 1 | പ്രസീന ചന്ദ്രൻ അമേപലപ്പറമ്പത്ത്.വീട് നിട്ടുംപറമ്പ് | 40000/- | 16.08.2018 |
| 2 | ബിജു,കൈതേരി മീത്തൽ ചേലമുക്ക്,വാണിമേൽ. | 40000/- | 17.03.2021 |

ലൈഫ് ഭവന പദ്ധതിയിൽ ആനുകൂല്യം കൈപ്പറ്റിയ ഭൂരിഭാഗം ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കിയെങ്കിലും, ചില ഗുണഭോക്താക്കൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/19-20/14.3.22) നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഒന്നാം ഗഡു തുക മാത്രമാണ് കൈപ്പറ്റിയതെന്നും, ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചോ എന്ന് വ്യക്തമല്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 2002-03 വർഷം മുതൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അഗതി ആശ്രയ (2003-2006) | 91 | 8309000 | 2504507 |
| 2 | അഗതി ആശ്രയ,പുന:പരിശോധന (2009-2012) | 34 | 1037194 | 555499 |

| | | | | |
|---|---|---|---|---|
| 3 | അഗതി ആശ്രയ രണ്ടാംഘട്ടം (2014-17) | 105 | 1037194 | 287000 |
| 4 | പട്ടിക വർഗ്ഗ ആശ്രയ പദ്ധതി | 44 | 5756980 | 1569466 |

പദ്ധതിക്ക് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നത് രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

നിലവിൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 138 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൽപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു വിലയിരുത്തൽ സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/19-20/16.3.22) മറുപടി നൽകിയിട്ടില്ല. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 ഹരിത കർമ്മ സേനയുടെ പ്രവർത്തനം - സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വെറ്റിനറി ഡിസ്പെൻസറിക്ക് സമീപം 2018-19 സാമ്പത്തിക വർഷത്തിൽ എം.സി.എഫ് കേന്ദ്രം സ്ഥാപിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇത് പ്രവർത്തിക്കുന്നില്ല. എം.സി.എഫ് കേന്ദ്രങ്ങൾ ഇല്ലാത്തത് കാരണം പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കാതെയാണ് കയറ്റിയയച്ചത്. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് എം.സി.എഫ് കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും മാലിന്യങ്ങൾ കയറ്റിയയക്കുന്നതിന് നിറവ് കോഴിക്കോട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്നാൽ കരാർ പത്രത്തിൽ വ്യവസ്ഥകൾ എഴുതി നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പിട്ടിട്ടില്ല. ഏഴ് ലോഡ് മാലിന്യങ്ങളാണ് ഇങ്ങനെ കയറ്റിയയച്ചത്. ലോഡിന് 25000/- രൂപ വീതം ഇതിനായി നൽകിയിട്ടുണ്ട്. എം.സി.എഫ് കേന്ദ്രങ്ങളിൽ വെച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് നൽകിയിരുന്നെങ്കിൽ നല്ല പ്ലാസ്റ്റിക്കിന് ലഭിക്കുമായിരുന്ന വില നഷ്ടമാകുകയും, കൂടുതൽ മാലിന്യങ്ങൾ കയറ്റിയയക്കേണ്ടി വന്നതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് കൂടുതൽ തുക ചെലവഴിക്കേണ്ടി വരികയും ചെയ്തു. സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോയ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഏജൻസി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സോഷ്യൽ ഓഡിറ്റ് നടന്നതായി കാണുന്നില്ല. ഇതിനായി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം. 05/19-20/15.3.22) മറുപടി നൽകിയിട്ടില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-24 പി.എച്ച് .സി ചുറ്റുമതിൽ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം-200/19-20

അടങ്കൽ 700000 (20000 – തനത് ഫണ്ട്, 680000-റോഡിതരമെയിന്റനെൻസ് ഫണ്ട്)

ചെലവ് = 658223/-(ബിൽ നം-36/17-06-19)

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

പി.എച്ച് .സി ചുറ്റുമതിൽ നിർമ്മാണത്തിനായി സ്പിൽ ഓവറായി തയ്യാറാക്കിയ പദ്ധതിയിൽ വടക്ക് ഭാഗം 75 മീറ്ററിലും പടിഞ്ഞാറ് ഭാഗത്ത് -26 മീറ്ററിലും കോമ്പൗണ്ട് വാൾ നിർമ്മാണവും 17 ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ സൈറ്റ് പ്ലാൻ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ബൗണ്ടറിസ്റ്റോൺ സ്ഥാപിക്കൽ പ്രവൃത്തി ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് 658223/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ 16-03-2022 സ്ഥലപരിശോധനയുടെ ഭാഗമായി പിഎച്ച്സി സന്ദർശിച്ചതിൽ പൊതുജനാരോഗ്യകേന്ദ്രം കോമ്പൗണ്ടിന്റെ ഒരു ഭാഗം നിലവിലും സംരക്ഷണ ഭിത്തിയില്ലാത്ത നിലയിലും കോമ്പൗണ്ടിലൂടെ പൊതുജനങ്ങൾ വഴിപോകുന്നതുമായാണ് കാണാൻ കഴിഞ്ഞത്. 17-3-22 ൽ എക്സിറ്റ് മീറ്റിംഗിൽ പിഎച്ച്സി കോമ്പൗണ്ടിന് ചുറ്റുമതിൽ ഇല്ലാത്തതിനാൽ സ്ഥാപനം നേരിടുന്ന വൈഷമ്മ്യങ്ങൾ മെഡിക്കൽ ഓഫീസർ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം പദ്ധതിക്കായി 658223/- ലക്ഷം രൂപ ചെലവഴിച്ചിട്ടും പദ്ധതി കൊണ്ട് യാതൊരു ഗുണഫലവുമുണ്ടാക്കാൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പിഎച്ച് സി ഭൂവിസ്തൃതി സംബന്ധിച്ച് അവ്യക്തത പരിഹരിക്കാതെ ഭാഗികമായി ചുറ്റുമതിൽ നിർമ്മാണത്തിനായി പദ്ധതി തയ്യാറാക്കിയത് കാരണമാണ് പദ്ധതി ലക്ഷ്യം കാണാതെ പോയത്. ആയതിന് വിശദീകരണം നൽകേണ്ടതും പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-25 കയ്യേറ്റങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പുഴപുറമ്പോക്കുകളിലുള്ള കയ്യേറ്റങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പുഴപുറമ്പോക്കുകളുടെ സംരക്ഷണത്തിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയതിനാൽ 2019-20 വർഷത്തിലും അപാകതകൾ ആവർത്തിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാണിമേൽ വില്ലേജിലെ ഭൂമിവാതുക്കൽ മുളിവയൽ പാലത്തിന് സമീപം തോട് ( റീ സർവ്വെ 10/1 ) കയ്യേറിയത് സംബന്ധിച്ച പരാതിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.
2. വാണിമേൽ വില്ലേജിലെ വാണിമേൽ ദേശത്തിലെ റീ സർവ്വെ 34 ൽ ഉൾപ്പെട്ട പുഴ പുറമ്പോക്ക് ഭൂമിയിൽ കല്ലിക്കണ്ടി മൂസ ഹാജി എന്നവർ 4 സെന്റ് ഭൂമി കയ്യേറിയതായി വില്ലേജ് ഓഫീസർ 13.02.2018 തിയ്യതിയിൽ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിന് ഓഡിറ്റ് തിയ്യതിവരെയും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.
3. പരപ്പുപാറ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഒരു ഏക്കർ ഭൂമിയിൽ 89 സെന്റ് ഭൂമി മാത്രമെ നിലവിലുള്ളൂ എന്ന് താലൂക്ക് സർവ്വെയർ പരിശോധന നടത്തിയതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സമീപ കൈവശക്കാരായ കുഞ്ഞിപറമ്പത്ത് കുമാരൻ, കിണറുള്ള പറമ്പത്ത് നാണു എന്നിവരുടെ ഭൂമി അളന്നതിൽ ആധാരത്തിലെ അളവിൽ അധികരിച്ച ഭൂമി കൈവശം വെയ്ക്കുന്നതായും പരിശോധനയിൽ

ബോധ്യപ്പെട്ടിട്ടുണ്ട്.

1957 ലെ ഭൂവിനിയോഗ നിയമം ,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 254(2), 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും , അനധികൃതമായി കൈവശം വെയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ എന്നിവ പ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നിർവ്വഹിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഭൂമിയുടെ അതിരുകളോട് ചേർന്നുള്ള വ്യക്തികൾ പഞ്ചായത്ത് ഭൂമിയിൽ കയ്യേറ്റം നടത്തിയിട്ടുണ്ടെന്ന് താലൂക്ക് സർവ്വെയറുടെ പരിശോധനാ റിപ്പോർട്ടിൽ ചൂണ്ടി കാണിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.

1957 ലെ കേരള ലാന്റ് കൺസർവൻസി ആക്ട് സെക്ഷൻ 15 പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ 2016 ലെ ഭേദഗതിയിലൂടെ (01.03.2016 ലെ ജി.ഒ.(പി) നം. 191/2016/R.D ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്ത ഭേദഗതി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിലും നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം പ്രസ്തുത ഭൂമിയിലെ കൈവശക്കാരോട് ആധാരം, പട്ടയം ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്നതിന് സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ മേൽ അധികാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉപയോഗപ്പെടുത്താതിരുന്നതും പരാതിയിന്മേൽ നടപടികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാതിയിന്മേൽ 1957 ലെ ഭൂവിനിയോഗ നിയമം , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 254(2), 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും, അനധികൃതമായി കൈവശം വെയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ എന്നിവ പ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നിർവ്വഹിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പരാതിയിന്മേൽ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-26 ജി.എൽ.പി.സ്കൂൾ പാലൂർ - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

ഓഡിറ്റിന്റെ ഭാഗമായി ജി.എൽ.പി.സ്കൂൾ പാലൂരിന്റെ കെട്ടിടം ഗ്രാമ പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചു. സ്കൂളിന് രണ്ട് കെട്ടിടങ്ങളിലായി രണ്ട് വീതം ക്ലാസ്സ് മുറികളാണുള്ളത്. 3, 4ക്ലാസ്സുകളിലെ ക്ലാസ്സ് മുറികൾ ,ഓഫീസ് മുറി എന്നിവ പുതിയ കെട്ടിടത്തിലും 1, 2 ക്ലാസ്സുകൾ പഴയ കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 1, 2 ക്ലാസ്സുകൾ പ്രവർത്തിക്കുന്ന കെട്ടിടം മരത്തിന്റെ കഴുക്കോലിൽ ജി.ഐ ട്രഫോൾഡ് ഷീറ്റിട്ടതാണ്. ചുമരിന് പകരം ഇഷ്ടിക/കല്ലിൽ നിർമ്മിച്ച പില്ലറുകളാണുള്ളത്. ഈ പില്ലറുകളുടെ ബലക്ഷയം കാരണമാണ് ഓട് ഉപയോഗിച്ച് മേൽക്കൂര ചെയ്യാതിരുന്നതെന്നും താൽക്കാലിക സംവിധാനമെന്ന നിലയ്ക്കാണ് ഷീറ്റിട്ടതെന്നുമാണ് ഹെഡ്മാസ്റ്റർ വ്യക്തമാക്കിയത്. എന്നാൽ ശാശ്വത പരിഹാരത്തിനുള്ള പദ്ധതികളൊന്നും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഷീറ്റ് മേഞ്ഞതിനാൽ ക്ലാസ്സ് മുറികളിൽ ചൂട് കൂടുതലാണ്. പഴയ കെട്ടിടത്തിന്റെ ഓട് താഴെ ഇറക്കി വെച്ചിട്ടുണ്ട്. ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം പഴയ കെട്ടിടത്തിലാണ്. കൈ കഴുകാനുള്ള സ്ഥലം സൗകര്യം കുറഞ്ഞതും വൃത്തി കുറഞ്ഞതുമാണ്. സ്മാർട്ട് ക്ലാസ്സ് റൂം,റീഡിംഗ് റൂം/ലൈബ്രറി, ചുറ്റുമതിൽഎന്നിവ ഇല്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്ന് 15 കിലോമീറ്റർ അകലെ വിദൂര മലയോര ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന സ്കൂളിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികളാണ് പഠിക്കുന്നത്. തൻ

വർഷം ടി.എസ്.പി. ഫണ്ടിനത്തിൽ 1437421 രൂപയും മെയിന്റനൻസ് ഗ്രാന്റിനത്തിൽ 1184576 രൂപയും ചെലവഴിക്കാതെ ലാപ്സ്സാക്കിയപ്പോഴാണ് മേൽപ്പറഞ്ഞ അപാകതകൾ നിലനിൽക്കുന്നത്. സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആവശ്യമായ പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ഗ്രാമപഞ്ചായത്തും പൂർണ്ണ പരാജയമാണ്. സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 14.03.2022, 15.03.2022 | ഈ റിപ്പോർട്ടിന്റെ ഭാഗമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-ളുണേരി | 2019-20 | 1048000 | ലൈഫ് ബ്ലോക്ക് ഷെയർ | 1048000 | 0 |
| | 2019-20 | 180000 | മിൽക്ക് ഇൻസെന്റീവ് | 180000 | 0 |
| | 2019-20 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | |
| | 2019-20 | 20000 | ആശ്രയ ഭവനപദ്ധതി | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | 2019-20 | 1459751 | ലൈഫ് ഭവനപദ്ധതി | 1459751 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 31,60,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ)നം.533/2010 /ത.സ്വ.ഭ.വ18.12.2010 | | 1302000 | 1302000 | ---- | 0 |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ(എം.എസ്) 68/2018 /തസ്വഭവ തി.18.05.2018 | 3160000 | 8309289 | 882353 | --- | 10586936 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 4345/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 3-4 | 4345/- | ശ്രീ.എം.കെ സുബൈർ കോൺട്രാക്ടർ | 119030103414/28.11.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2003-04 | 11.4.116 | വൈദ്യുതി ചാർജ്ജ് പിഴപ്പലിശ | നില നിൽക്കുന്നു. |
| 1997-98 | | 2003-04 | 11.14.117 | പരിഷത്ത് അട്ടപ്പ് | നില നിൽക്കുന്നു. |
| 2000-01 | 3 | 2004-05 | 11.1.4.6 118 | തൊഴിൽ പരിശീലന പദ്ധതികൾ | നില നിൽക്കുന്നു. |
| 2001-02 | 2-4 | 2006-07 | 3.79.1.4.99 | നികുതി കാലഹരണം | നില നിൽക്കുന്നു. |
| 2001-02 | 2-1 | 2006-07 | 3.79.4.7.103 | ക്യാഷ് ബുക്കും മറ്റും എഴുതി സൂക്ഷിക്കുന്നില്ല | നില നിൽക്കുന്നു. |
| 2001-02 | 3-1 | 2006-07 | 3.79.5.6.104 | വാട്ടർച്ചാർജ്ജ് | നില നിൽക്കുന്നു. |
| | | 2011-12 | 3.3.6.121 | അംഗൻ വാടികളുടെ ഭൗതികസാഹചര്യം | നില നിൽക്കുന്നു. |
| | | 2015-16<br><br><br><br>ടി | 3.6.1.24<br><br><br><br>3-7-13 | എസ്.സി.എസ്.ടി അടിസ്ഥാന സൗകര്യ വികസനം<br><br>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | നില നിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4.188 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | ടി | നില നിൽക്കുന്നു. |
| 2016-17 | 2-2 | 2017-18 | 1-11-5 | വസ്തുനികുതിയിൽ നഷ്ടം | നില നിൽക്കുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർ ചാർജ്ജ് സർട്ടി ഫിക്കറ്റ് പ്രകാര മുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാ ന്റിൽ ഉൾപ്പെ ടുത്തി യിട്ടു ണ്ടോ? (ഉണ്ട്/ ഇല്ല). | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 96-97 | 22,23, 28,29, 35 | കെ. പദ്മനാഭൻ, ജൂനിയർ സൂപ്രണ്ട് | Lf 8377 Spl.cell/ Sc4/ 2000 Dtd | 5902/- | 70/- 11503101424/ 17.11.15 1500/- | ഇല്ല | - | - | 1680/- | - | - | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 31.10.2001 | | 11503101427/ 17.11.15 110/- 11503101428/ 17.11.15 | | | | | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65641347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65503358 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1445175 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1445175 | ശ്രീമതി അമല ശക്തിധരൻ,കൃഷി ഓഫീസർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി അമല ശക്തിധരൻ, കൃഷി ഓഫീസർ | ലഭ്യമല്ല | ശ്രാവണം,വിജിആർ16B, ഇന്ദിരാനഗർ,പേരൂർകട തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 1 | 38 |
| 1998-99 (പദ്ധതി) | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 1 | 26 |
| 1999-00 (പ്ലാൻ) | എൽ.എഫ്.എസ്.3/ 789/03, 09.10.2003 | 2 | 24,25 |
| 1999-00 (വരവ്) | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 1 | 6(എ,ബി) |
| 2000-01 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 5 | 2-2,2-3,2-4, 3-2,3-3,3-5 |
| 2001-02 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 1 | 3-5 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 8 | 2-1,2-2,2-3,2-4, 3-1,3-2,3-3,3-4 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 2 | 3-2,3-4 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 2 | 3-3,3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി4/876 /2017തി.10.12.2019 | 7 | 3-1(ബി),3-2, 3-6,3-9,3-10, 3-11,3-18 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി4/876 | 13 | 3-2,3-3,3-5 |

| | | | |
|---|---|---|---|
| | /2017തി.10.12.2019 | | മുതൽ 3-15 വരെ |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി4/876<br>/2017തി.10.12.2019 | 6 | 2-1,3-2,3-3,<br>3-4,3-8,3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി4/876<br>/2017തി.10.12.2019 | 6 | 2-3(2),3-2,3-4,<br>3-5,3-6,3-7 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി4/876<br>/2017തി.10.12.2019 | 12 | 3-2,3-3,3-5,3-6,<br>3-7,3-8,3-10,3-12,<br>3-13,3-15,3-16,3-17 |
| 2011-12,<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി 11/<br>766/14 2.5.15 | 18 | 2-1,2-2,<br>3-1 To 3-10,<br>3-12 To 3-15,<br>3-17 4-11 |
| 2013-2014,<br>2014-15 | എൽ.എഫ്.കെ.കെ.ഡി പി 11/<br>1331/2016 25.4.17 | 8 | 2-1, 3-5, 3-6,<br>3-7, 3-12,<br>3-16, 3-19, 3,21 |
| 2015-16 | എൽ.എഫ്.കെ.കെ.ഡി പി 11/<br>2245/2016 4.1.17 | 11 | 2-2, 2-3, 3-6,<br>3-12, 3-13,<br>3-15,3-17,<br>3-23, 3-24,<br>3-27 |
| 2016-17 | എൽ.എഫ്.കെ.കെ.ഡി<br>പി 11/17 31.1.18 | 15 | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.<br>പി11/173/2019 തീ.11.03.2019 | 16 | 2-3, 2-6, 2-8,<br>2-10,<br>3-1 മുതൽ 3-7<br>വരെ,<br>3-114, 3-16 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.<br>പി4/912/2021 തീ.17.11.2021 | 31 | 1-1,1-3 മുതൽ<br>1-5 വരെ,1-7<br>മുതൽ 1-25<br>വരെ,1-28,<br>1-29,1-31,1-32,1-35,<br>1-36,1-37,1-38,<br>1-41,3-1 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്